# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## പാലക്കാട്

**Email: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 37/17, വെള്ളിയാഴ്ച | തീയ്യതി 15.09.2017

### അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 16.09.2017 | 17.09.2017 | 18.09.2017 | 19.07.2017 | 20.07.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 17 | 38 | 39 | 24 | 22 |
| ഉയർന്ന താപനില (°C ) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 99 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | കൂമ്പുചീയൽ | തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് (5ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | മഴക്കാലത്ത് വാഴയിൽ കാണുന്ന കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | ഡൗണി മിൽഡ്യു | പച്ചക്കറികളിൽ ഡൗണി മിൽഡ്യു രോഗം മൂലമുള്ള മഞ്ഞളിപ്പു കാണുകായാണെങ്കിൽ 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കുളിർക്കെ തളിക്കുക. |
| മൃഗസംരക്ഷണം | കൊതുകു നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. കുളമ്പ് ചീയൽ, കുളമ്പിനുണ്ടാകുന്ന ക്ഷതം എന്നിവ ഒഴിവാക്കാനായി വെള്ളക്കെട്ടുകളിൽ കന്നുകാലികളെ മേയ്ക്കാൻ വിടാതിരിക്കുക. തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുക. പനിയുടെയും ശ്വാസത്തടസത്തിന്റെയും ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറുടെ സഹായം തേടുക. (Centre for Animal Adaptation to Evironment and Climate Change Studies, KVASU, Mannuthy) | |